പതിനാലാം കേരള നിയമസഭ

11-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2915

18.06.2018-ൽ മറുപടിക്ക്

## നെൽവയൽ-തണ്ണീർത്തടങ്ങൾ മണ്ണിട്ടു നികത്തുന്നതായ പരാതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ. പ്രദീപ്കുമാർ | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ആർ.ഡി.ഒ. ഓഫീസിൽ നെൽവയൽ-തണ്ണീർത്തടങ്ങൾ മണ്ണിട്ടു നികത്തുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിന്മേൽ കഴിഞ്ഞ പത്ത് വർഷമായിട്ടും ഉദ്യോഗസ്ഥർ സമയ ബന്ധിതമായി നടപടികൾ സ്വീകരിക്കാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | സമയബന്ധിതമായി നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ തരം മാറ്റലുകൾ കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം-2008 പ്രകാരം നടപടി സ്വീകരിച്ചു വരുന്നു.<br>ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതും എന്നാൽ റവന്യൂ രേഖകളിൽ നിലമെന്നോ തത്തുല്യമായോ രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമിയിൽ അനധികൃത തരം മാറ്റം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ കക്ഷികളെ നേരിൽ കേൾക്കുകയും തഹസീൽദാർ, വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവരിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കുകയും കൂടുതൽ വ്യക്തത ആവശ്യമുള്ള പക്ഷം സ്ഥല പരിശോധന നടത്തുകയും, അനധികൃത തരം മാറ്റം നടന്നതായി കണ്ടാൽ ഭൂമി പൂർവ്വ സ്ഥിതിയിലാക്കുന്നതിന് ഉത്തരവ് നൽകുകയും ചെയ്തു വരുന്നു. |
| (സി) | ഈ വിഷയവുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് എടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേരുവിവരം വിശദമാക്കാമോ; | (സി) | ഈ കേസുമായി ബന്ധപ്പെട്ട് വിജിലൻസ് കേസ് ഉള്ളതായി അറിവില്ല. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഹാജരാക്കാമോ? | (ഡി) | ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും അന്വേഷണ റിപ്പോർട്ട് ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**